(g) There is no such school on the recognised or aided list. But the subject is taught in the School for Defectives, Kunnamkulam, which is unrecognised.

I may also add for the information of the House that the Muslim School here is given a grant of Rs. 150 for the purchase of sewing machines. There is a sewing machine class there.

PANCHAYAT VAIDYASALAS AND VAIDYANS—CONTROL OF PANCHAYATS OVER—CHANGES IN

231. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) പഞ്ചായത്തു വൈദ്യന്മാരേയും പഞ്ചായത്തു വൈദ്യശാലകളേയും സംബന്ധിച്ചു് അതാതു പഞ്ചായത്തുകാക്കുണ്ടായിരുന്ന വല്ല അധികാരങ്ങളും ഇപ്പോൾ എടുത്തുകളഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം, എന്തെല്ലാം?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഉവ്വു്.

(ബി) ആയുർവ്വേദ ഡിപ്പാർട്ടുമെണ്ടു് പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ നിന്നും വേർതിരിച്ചതിനുശേഷം പഞ്ചായത്തുകാക്കു വൈദ്യശാലകളെ സംബന്ധിച്ചുണ്ടായിരുന്ന സകല അധികാരങ്ങളും ആയുർവ്വേദ മേലദ്ധ്യക്ഷനാണു് നടത്തുന്നതു്. പഞ്ചായത്തുകാക്കു വൈദ്യശാലകളെ സംബന്ധിച്ചു പൊതുവെയുള്ള ഒരു മേലന്വേഷണം മാത്രമേ ഇപ്പോഴുള്ളു.

മിസ്റ്റർ ടി. കെ. നായർ: ഡിപ്പാർട്ടുമെണ്ടു മേലധികാരത്തെപ്പറ്റി എനിക്കു യാതൊന്നും ചോദിക്കുവാനില്ല. ലോക്കൽ പഞ്ചായത്തുകാരുടെ അടുത്ത മേലന്വേഷണത്തോടുകൂടി ആ വില്ലേജിൽ ഒരു വൈദ്യശാല നടത്തുന്നതല്ലേ കുറച്ചുകൂടി കായ്മനടത്തിപ്പിനു നല്ലതെന്നുള്ളതു് ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ചാൽ കൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ: ഞാൻ ആലോചിക്കാതെയിരുന്നിട്ടില്ല. ഇതു് ഡിപ്പാർട്ടുമെണ്ടു വേർതിരിച്ച അവസരത്തിൽ ആ സമയത്തുള്ള അഭിപ്രായം നോക്കി ആർഡർ പാസ്സാക്കിയതാണു്.

The Director of Public Health proposed that the Panchayats should have no statutory control over the Vaidyasalas, that the present system of maintaining the accounts and registers relating to the Vaidyasalas by the respective Panchayats did not enable a proper checking of the same by the Inspecting officers of both the Departments, that the Vaidyans should be independent officers and that the only duty of the Panchayats in respect of the Vaidyasalas was to have a general supervision over these institutions. Government have approved of these recommendations of the Director of

LIBRARY ARCHIVES Kerala Legislative Assembly

Public Health. Similar complaints have been raised by the hon'ble member Mr. Kutty also. I propose to place these things in the annual conference to see how these institutions could be worked satisfactorily and also whether the Panchayats should have any greater supervision over them. There is no meaning in depriving the Panchayats of these powers. Let the conference decide.

മിസ്റ്റർ ടി. കെ. നായർ : ഒരു സംഗതിമാത്രമെ എനിക്കു പറയുവാനുള്ളൂ. ഇതു് കാൺഫറൻസിന്റെ അഭിപ്രായം അറിയുവാനുള്ള വിഷമം കൊണ്ടാണെന്നാണു് എന്റെ ധാരണ.

ഡോക്ടർ ഏ. ആർ. മേനോൻ : സ്കീം തയ്യാറാക്കിയതു് ഇങ്ങിനെയാണു്.

മിസ്റ്റർ ടി. കെ. നായർ : ഇതു് എക്സിക്യൂട്ടീവിന്റെ ആർഡർകൊണ്ടു നടത്തുവാൻ സാധിക്കും. പഞ്ചായത്തുകാരെക്കൊണ്ടു പ്രത്യേകിച്ചു കണക്കുവെപ്പിക്കുവാൻ പറഞ്ഞാൽ ആയുർവേദ സൂപ്രണ്ടു് വന്നു നോക്കുമ്പോൾ പഞ്ചായത്തുകാരുടെ കണക്കും വൈദ്യശാലയിലെ കണക്കുമായിട്ടു കുഴപ്പം നേരിടും. അതുകൊണ്ടു് പഞ്ചായത്തുകാർ നാട്ടിൽ ഉള്ളപ്പോൾ അതിന്നാട്ടത്തുള്ള വൈദ്യശാല കാലത്തുതുറക്കുന്നുണ്ടോ എന്നൊല്ലാം പൊതുവായിട്ടുള്ള ഒരു സൂപ്രവിഷൻ ക്രടിയുണ്ടെങ്കിൽ അതുകൊണ്ടു വളരെ പ്രയോജനമുണ്ടു്.

ഡോക്ടർ ഏ. ആർ. മേനോൻ : അതെല്ലാം ഇപ്പോഴും ഉണ്ടു്. Both Vaidyasalas and Panchayats were under one and the same department. When the Vaidyasalas were separated and placed under a separate department this difficulty arose.

മിസ്റ്റർ ടി. കെ. നായർ : കുറച്ചുകാലം ഇതെല്ലാം നടത്തിവന്നതു് പഞ്ചായത്തുകാരാണു്. പഞ്ചായത്തുകാരാണു് വൈദ്യശാലകളെ സംബന്ധിച്ചുള്ള എഴുത്തുകുത്തുകളെല്ലാം ആയുർവേദസൂപ്രണ്ടുവഴി നടത്തിയിരുന്നതു്. അതുകൊണ്ടുള്ള അനുഭവം പറയുകയാണു്. പഞ്ചായത്തുകാക്കു് അധികാരം കിട്ടുവാനുള്ള ആഗ്രഹംകൊണ്ടല്ല, വൈദ്യശാലകളുടെ ശരിയായ നടത്തിപ്പിനു വേണ്ടി മാത്രമെ ഞാൻ അവക്കു സൂപ്രവിഷൻ കൊടുക്കുവാൻ ആവശ്യപ്പെടുന്നുള്ളൂ.

ഡോക്ടർ ഏ. ആർ. മേനോൻ: മുമ്പു് ഇവക്കു ശമ്പളം കൊടുത്തിരുന്നതു് പഞ്ചായത്തുകാർ വഴിക്കായിരുന്നു. ഒരുമാസവും രണ്ടുമാസവുമൊക്കെ കഴിഞ്ഞിട്ടും ശമ്പളം കിട്ടീട്ടില്ല എന്നുള്ള കംപ്ലെയിൻറുവന്നു. ആ ബുദ്ധിമുട്ടുവന്നപ്പോൾ അതിലേക്കു പഞ്ചായത്തു കോൺഫറൻസിൽ വെച്ചാലോചിച്ചു് സ്വീകായ്തുമായ ഒരു സ്കീം തയ്യാറാക്കിയതനുസരിച്ചാണു് നടത്തിവരുന്നതു്.

മിസ്റ്റർ ടി. കെ. നായർ : വളരെക്കാലമായി പഞ്ചായത്തുകാരുടെ അധികാരത്തിൽ ഈ വൈദ്യശാലകളും നടത്തിയിരുന്നപ്പോൾ പഞ്ചായത്തു സൂപ്രണ്ടന്മാരുടെ നടത്തിപ്പിനെപ്പറ്റി വല്ല ദൂഷ്യവും പറയാവുണ്ടോ? ഏതെങ്കിലും ഒരു സൂപ്രണ്ടു ശരിയായി നടത്തുന്നില്ലെങ്കിൽ ആ സൂപ്രണ്ടിന്റെ പേരിൽ ഗവമെണ്ടു് ആക്ഷനെടുക്കുവാൻ ശ്രമിക്കണം. ഒരാൾ അങ്ങിനെ നടത്തുന്നതുകൊണ്ടു പഞ്ചായത്തു സൂപ്രണ്ടന്മാരെല്ലാവരും അങ്ങിനെയാണെന്നു വിചാരിച്ചു് അവരുടെ അധികാരം എടുത്തുകളയുന്നതു ശരിയല്ല. ഏതെങ്കിലും ഒരാൾ അങ്ങിനെ പ്രവൃത്തിക്കുന്നുണ്ടെങ്കിൽ ആ ആളെ ശിക്ഷിക്കുവാനുള്ള അധികാരം ഗവമെണ്ടു കയ്യേല്ക്കണം. പഞ്ചായത്തു പ്രസിഡണ്ടുമാരുടെ അടുക്കൽ വൈദ്യശാലകളുടെ പണം മാത്രമല്ല, വേറെയുമുണ്ടു്. അതു മുഴുവൻ പ്രസിഡണ്ടു ശരിക്കു കൊടു

LIBRARY ARCHIVES Kerala Legislative Assembly

കുന്നില്ലെങ്കിൽ അതിലേക്കു ഗവമ്മെണ്ടു തക്കതായ ആക്ഷനെടുക്കണം. പഞ്ചായത്തുകാക്കു ലോക്കൽ സൂപ്പർവിഷൻ കൊടുക്കുവാനുള്ള ഒരു വഴിയുണ്ടാക്കിത്തരണമെന്നുമാത്രമേ ഞാനാവശ്യപ്പെട്ടുള്ളൂ.

Dr. A. R. Menon *(Minister for Rural Development):* We will consider this.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾ ശമ്പളം കൊടുത്തുവരുന്നതു് എങ്ങിനെയാണു്?

ഡോക്ടർ ഏ. ആർ. മേനോൻ: ഡിപ്പാർട്ട്മെണ്ടിൽനിന്നാണു ശമ്പളം കൊടുക്കുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഗ്രാൻറ-ഇൻ-എയിഡ് ടീച്ചേഴ്സിനു ശമ്പളം കൊടുക്കണമെന്നു പറയുന്ന മാതിരിയിൽ പഞ്ചായത്തു വൈദ്യശാലകൾക്കു പഞ്ചായത്തു പ്രസിഡണ്ടുമാർ ശമ്പളം കൊടുക്കണമെന്നു പറയുന്നുവെന്നാണു് എനിക്കു തോന്നുന്നതു്.

Dr. A. R. Menon *(Minister for Rural Development):* But anyway this matter will receive the consideration of the Government. We want to have a thorough discussion at the conference which is going to be held in a month's time. The hon'ble member may discuss the matter there and formulate proposals so that the Government may act according to the desire of the Panchayats themselves.

Mr. K. R. Viswambharan *(Ezhuvas-Talappalli):* May I know, Sir, whether Government are aware that institutions over which there is dual control have always worked unsatisfactorily?

Mr. T. K. Nayar *(Pazhayannur):* There is no sort of dual control here.

Mr. K. R. Viswambharan *(Ezhuvas-Talappalli):* What the hon'ble member for Pazhayannur wants is that all correspondence relating to Vaidyasalas should pass through the Panchayats and through the Panchayat Presidents to the Vaidyans. What is the necessity of giving such a control to the Panchayats when there is a separate Head of Department *viz.*, the Director of Ayurveda who will look after the affairs of these Vaidyasalas.

മിസ്റ്റർ ടി. കെ. നായർ: എന്റെ മാന്യസ്നേഹിതന്റെ അഭിപ്രായത്തിൽ പറഞ്ഞ ഡ്യൂവൽ കൺട്രോളിനെപ്പറ്റി ഞാൻ പറഞ്ഞിട്ടില്ല. പഞ്ചായത്തുകാർക്കു മാത്രമേ കൺട്രോൾ പാടുള്ളുവെന്നാണു ഞാൻ പറഞ്ഞതു്. ആയുർവ്വേദഡയറക്ടർക്കു ഗവമ്മെണ്ടിൽനിന്നും എഴുന്ന എഴുത്തുകുത്തുകൾ മുഴുവനും പഞ്ചായത്തു ഡയറക്ടർക്കു വരണമെന്നാണു ഞാൻ പറഞ്ഞതു്. അതിൽ എവിടെയാണു് ഡ്യൂവൽ കൺട്രോൾ ഉള്ളതു്?

Mr. K. R. Viswambharan *(Ezhuvas-Talappalli):* Will the Panchayats submit themselves to the supervision of the Director of Ayurveda? Will the Panchayats receive a "memo" from the Director of Ayurveda?

LIBRARY ARCHIVES Kerala Legislative Assembly

Mr. President : That is a matter for discussion at the onference,anyway.

Dr. A. R. Menon *(Minister for Rural Development):* There are differences of opinion even here. I thought that the best thing would be to have a full-dressed debate at the conference. Let the Conference decide after taking into consideration the various view-points and formulate proposals and we shall abide by them. I personally am in favour of handing over all the powers to the Panchayats. I even propose to bring in a Bill for that purpose.

മിസ്റ്റർ ടി കെ. നായർ: കോ ഓർഡിനേഷൻ വരണമെങ്കിൽ അങ്ങിനെയല്ലാതെ സാധിക്കുകയില്ലെന്നാണ് ഞാൻ പറയുന്നത്.

Dr. A. R. Menon *(Minister for Rural Development):* We will consider all these questions.

T. A. DRAWN BY THE DIWAN

232. Mr. V. K. Bhaskara Menon *(Cranganur):* Will Government be pleased to state what amount has been drawn as T. A. by the Diwan alone, during the first half of 1116 and also what this amount was during the first half of 1115?

Mr. K. Achyuta Menon *(Secretary to Government):*

1st half of 1116, Rs. 791— 1—0

1st half of 1115, Rs. 850—13—0.

Mr. V. K. Bhaskara Menon *(Cranganur):* These figures show that only a small sum is necessary, but the provision in the Budget for this year is Rs. 4,000. May I know why such a big amount is provided in the Budget?

Mr. K. Achyuta Menon *(Secretary to Government):* It is for the staff also.

Mr. V. K. Bhaskara Menon *(Cranganur):* Will the staff draw double the T. A. drawn by the Diwan?

CURRENT ELECTORAL ROLL FOR LEGISLATIVE COUNCIL— REMOVAL OF NAMES

233. Mr. A. B. Salem *(Mattancheri):* Will Government be pleased to state.—

(*a*) whether they have ordered the removal of any names from the current final list of voters for the Legislative Council in the Mattancheri and Chittur-Tattamangalam Constituencies;

(*b*) the names and the numbers in the voters' list of the persons so removed from the list of voters for the above two constituencies;

(*c*) the reasons for ordering the removal of such names from the list of voters of the above two constituencies;

LIBRARY ARCHIVES Kerala Legislative Assembly